ക്ഷേമനിധി രൂപീകരിക്കാൻ കെട്ടിട നിർമ്മാണ സാധനങ്ങൾക്ക് സെസ്

* 354. [380] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടി കെട്ടിട നിർമ്മാണ സാധനങ്ങൾക്ക് സെസസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ പറയാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ, ബി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള കരട് ബില്ല് ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. എന്നാൽ അതിന്റെ വിശദാംശങ്ങളിൽ അന്തിമ തീരുമാനമായിട്ടില്ല.

കോൺട്രാക്ട് ക്യാരിയേജ് പെർമിറ്റുള്ള സാധനങ്ങൾ

* 355. [381] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്തു സൂപ്പി :
,, സി. ടി. അഹമ്മദ്അലി :
,, പി. വി. മുഹമ്മദ് :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോൺട്രാക്ട് ക്യാരിയേജ് പെർമിറ്റുള്ള എത്ര വാഹനങ്ങൾ ഉണ്ട് ;

(ബി) ഇവയിൽ ബസ്സ്, ട്രക്കർ, വാൻ ഇവ എത്ര ?

(സി) ഇവ സംസ്ഥാനത്ത് ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ പാരലൽ സർവ്വീസ് നടത്തുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) സംസ്ഥാനത്ത് 31-5-1986 വരെ 65,693 കോൺട്രാക്ട് ക്യാരയേജ് പെർമിറ്റുള്ള വാഹനങ്ങൾ ഉണ്ട്.

(ബി) ഇവയിൽ ബസുകളുടെ എണ്ണം 1610 ആണ്. ട്രക്കുകൾക്കും വാനുകൾക്കുമായി 1815 പെർമിറ്റാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ളവ ടാക്സികാറുകളാണ്.

(സി) ഉണ്ട്

(ഡി) മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, കെ. എസ്. ആർ. ടി. സി. എന്നിവയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം 23-9-1986-ൽ ഗതാഗതവകുപ്പുമന്ത്രി വിളിച്ചു കൂട്ടുകയും ട്രക്കർ ടെമ്പോ മുതലായവ നടത്തുന്ന സമാന്തര സർവ്വീസുകൾ പരിപൂർണ്ണമായി നിയന്ത്രിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly